"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് — തൃശ്ശൂർ ജില്ലയിലെ പുല്ലുകുളം ടൂറിസം വികസന പദ്ധതി — ഭരണാനുമതി നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.346/2026/TSM തീയതി,തിരുവനന്തപുരം, 25-07-2026

---

പരാമർശം:- 1. 1. 19.02.2026-ലെ സ.ഉ.(സാധാ) നം. 115/2026/TSM.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 01.05.2026 തീയതിയിലെ ലെ DOT/12417/2023-P5 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ ചിറക്കെക്കോട്ടുള്ള "പുല്ലുകുളം ടൂറിസം വികസന പദ്ധതിക്കായി" '5452-01-101-99-00-34-03-Up Gradation, Creation of Infrastructure and Amenities (Plan)' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും ₹3,63,38,000/- (മൂന്ന് കോടി അറുപത്തിമൂന്ന് ലക്ഷത്തി മുപ്പത്തി എട്ടായിരം രൂപ മാത്രം) തുക അനുവദിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം (1) ഉത്തരവിന്റെ ഖണ്ഡിക 3 ലെ നിബന്ധന (iv) അനുസരിച്ച് "₹3,62,626/- രൂപയുടെ അധിക ജി.എസ്.ടി നിബന്ധന അനുവദനീയമല്ല" എന്ന് രേഖപ്പെടുത്തിയിരുന്നതിൽ വ്യക്തത വരുത്തി നൽകണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത തുക അധിക ജി.എസ്.ടി അല്ലെന്നും, എക്സിക്യൂട്ടിങ് ഏജൻസിയ്ക്കുള്ള സെന്റേജ് ചാർജ് തുകയുടെ (₹ 20,14,586.34/-) 18% ജി.എസ്.ടി ആണെന്നും ഡയറക്ടർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ നാലാമത്തെ നിബന്ധനയായ "the provision for additional GST amounting to Rs. 3,62,626/- plus GST thereon is not admissible as the GST adopted in the estimate is @ 18%" എന്ന ഭാഗം പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പ്രസ്തുത ഉത്തരവിലെ മറ്റ് വ്യവസ്ഥകളും നിബന്ധനകളും മാറ്റമില്ലാതെ നില നിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, തിരുവനന്തപുരം - 695 033
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരളം

ധനകാര്യ (വ്യയം ബി) വകുപ്പ് (04.07.2026 ലെ 3047776/വ്യയം-ബി2/41/2025 - ധന. നമ്പർ റിമാർക്സ് പ്രകാരം)

വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഓഫീസ് കോപ്പി/കരുതൽ ഫയൽ (TOUR-A3/375/2023-TOUR)

ഉത്തരവിൻ പ്രകാരം

Digitally signed by
Reena P P
Date: 27-07-2026
13:34:15

സെക്ഷൻ ഓഫീസർ

<u>പകർപ്പ്:</u>

ബഹു. വിനോദസഞ്ചാരവും സാംസ്കാരികവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്